# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5232 — 05.07.2012 ൽ മറുപടിയ്ക്ക്

## ഐ.സി.ഡി.പി. പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്താൽ നടപ്പാക്കി വരുന്ന ഐ.സി.ഡി.പി. പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ആണ് നടപ്പിലാക്കി വരുന്നത്; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ; | (എ) ഇപ്പോൾ വയനാട് ജില്ലയിൽ ഐ.സി.ഡി.പി പദ്ധതിയുടെ 2 ഘട്ടം നടപ്പിലാക്കി വരുന്നു. ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഐ.സി.ഡി.പി. സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, കാർഷികവും അനുബന്ധമേഖലകളിലുള്ള ഉൽപാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും, നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുക എന്നിവയാണ് പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) പ്രസ്തുത പദ്ധതി അടുത്തതായി ഏതെല്ലാം ജില്ലകളിൽ കൂടെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;<br>(സി) അടുത്തതായി ഐ.സി.ഡി.പി. പദ്ധതിയിൽ പാലക്കാട് ജില്ലയെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) & (സി) ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ കൂടി ഐ.സി.ഡി.പി. യുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക അനുമതി എൻ.സി.ഡി.സി. യിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് കൺസൾട്ടന്റായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മനേജ്മെന്റ് (ഐ.സി.എം) തിരുവനന്തപുരത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് |

ജില്ലയിൽ ഐ.സി.ഡി.പി. യുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള അപേക്ഷ എൻ.സി.ഡി.സി. പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ മറ്റ് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ